LIBRARY ARCHIVES Kerala Legislative Assembly

പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതി

18 (*498) ശ്രീ. കെ. കെ. ജയചന്ദ്രൻ :

ശ്രീ. രാജു എബ്രഹാം :

ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥയെന്തെന്ന് വ്യക്തമാക്കുമോ ;

(ബി) പദ്ധതിയുടെ പണി എന്നാണ് ആരംഭിച്ചത് ; എന്നത്തേക്ക് പൂർത്തീകരിക്കാനാണ് നിശ്ചയിച്ചിരുന്നത് ;

(സി) പദ്ധതിയിൽ നിന്നും എത്ര മെഗാവാട്ട് വൈദ്യുതിയാണ് ലക്ഷ്യമിട്ടിരുന്നതെന്ന് വ്യക്തമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതിയുടെ 74 ശതമാനത്തോളം പണികൾ പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഇൻടേക്ക് ഭാഗത്ത് മണ്ണിടിച്ചിൽ പോലുള്ള പ്രശ്നങ്ങൾ കാരണം ഇൻടേക്കിനും ഫേസ് 2-നും ഇടയിലുള്ള ഏകദേശം 570 മീറ്ററോളം ടണൽ നിർമ്മാണം തടസ്സപ്പെട്ടിരിക്കുകയാണ്. പദ്ധതിയിലെ മറ്റ് വർക്ക് ഫ്രണ്ടുകളിൽ കോൺട്രാക്ടറുടെ സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം വേണ്ടത്ര പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല.

(ബി) ഈ പദ്ധതിയുടെ നിർമ്മാണം 2-3-2007-ൽ ആരംഭിച്ചു. കരാർ പ്രകാരം 1-3-2011-ൽ പൂർത്തീകരിക്കാനാണ് നിശ്ചയിച്ചിരുന്നത്.

(സി) 60 മെഗാവാട്ട് വൈദ്യുതിയാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി

19 (*499) ശ്രീ. എം. ഹംസ :

ശ്രീ. എളമരം കരീം :

ശ്രീ. പി. ശ്രീരാമകൃഷ്ണൻ :

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാറിമാറിവരുന്ന സർക്കാരുകളുടെ നയവും നിലപാടുകളും പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതിയിൽ പ്രതിഫലിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ;